പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 327

28/06/2011 -ൽ മറുപടിയ്ക്ക്

## ഗ്രാമ പഞ്ചായത്തുകളുടെ പുനർ നിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ള പഞ്ചായത്തുകൾ വിഭജിച്ച് കൂടുതൽ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം വകുപ്പു പ്രകാരം ഏതെങ്കിലും ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനും, പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ ഒരു ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 4(2) -നു കീഴിലെ ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2010 -ലെ പൊതു തിരഞ്ഞെടുപ്പിനുശേഷം ബന്ധപ്പെട്ട ഭരണസമിതികൾ 2010 നവംബർ 1-ാം തീയതിയിലോ അതിനുശേഷമുള്ള തീയതികളിലോ അധികാരമേറ്റു കഴിഞ്ഞ സാഹചര്യത്തിൽ, ഏതെങ്കിലും പഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ മാറ്റം വരുത്തണമെങ്കിൽ അത് നിലവിലുള്ള ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, അതായത് 2015-നവംബർ 1-ാം തീയതി മുതൽ മാത്രമേ പ്രാബല്യത്തിൽ വരുത്താൻ കഴിയൂ. നിലവിലുള്ള പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ